# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 128 09/03/2015-ൽ മറുപടിയ്ക്ക്**

## താനൂർ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) താനൂർ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ നിലവിൽ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ താനൂർ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ 3 നില അക്കാദമിക് ബ്ലോക്ക് നിർമ്മിച്ചു നൽകുന്നതിന് 298.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. |
| (ബി) ഈ കെട്ടിടത്തിന്റെ നിർമ്മാണ ച്ചുമതല ആർക്കാണെന്നും എന്നത്തേയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ; | (ബി) ഈ കെട്ടിടത്തിന്റെ നിർമ്മാണ ചുമതല കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ് പ്രസ്തുത പ്രവൃത്തി കരാർ ഒപ്പുവച്ച് ഒരു വർഷത്തിനകം പൂർത്തീകരിക്കുന്നതാണ്. |
| (സി) ഈ പ്രവൃത്തിക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) താനൂർ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ 3 നില അക്കാദമിക് ബ്ലോക്ക് നിർമ്മിച്ചു നൽകുന്നതിന് 298.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) ഈ വിദ്യാലയത്തിൽ ഗേറ്റ്, ചുറ്റുമതിൽ, ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ഡി) ഈ വിദ്യാലയത്തിന്റെ ഗേറ്റിന്റെയും ഗ്രൗണ്ടിന്റെയും പണി പൂർത്തിയായിട്ടുള്ളതാണ്. നിലവിൽ ചുറ്റുമതിൽ ഉണ്ടായിരുന്നത് ഭാഗികമായി തകർന്ന അവസ്ഥയിലാണ്. |
| (ഇ) ഈ വിദ്യാലയത്തിൽ നിലവിൽ പ്രവർത്തനത്തിനാവശ്യമായ കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ഇ) 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി സ്കൂളിനാവശ്യമായ കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവയുടെ ആവശ്യകത സ്കൂളിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്. |

സെക്ഷൻ ആഫീസർ